"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീ.മനോജ്.കെ.വി - യ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1029/2020/ഉ.വി.വ തീയതി,തിരുവനന്തപുരം, 14/08/2020

പരാമർശം:- 1 കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.03.2019 തീയതിയിലെ സി2/112/2019/കോ.വി.വ നമ്പർ നടപടി ക്രമം.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 05.02.2020, 04.06.2020, 16.072020 തീയതികളിലെ സി2/112/2019/കോ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ഹെഡ് അക്കൗണ്ടന്റ് ആയിരുന്ന ശ്രീമതി.അനുപമ പി.കെ 03.01.2019 മുതൽ 16.07.2019 വരെ പ്രസവാവധിയിൽ പ്രവേശിച്ചതിനാൽ, ടി കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.മനോജ് കെ.വി-ക്ക് ഹെഡ് അക്കൗണ്ടന്റിന്റെ പൂർണ്ണ അധികച്ചുമതല നൽകിയിരുന്നു. ശ്രീമതി.അനുപമ പി.കെ - ക്ക് ഡിവിഷണൽ അക്കൗണ്ടന്റ് ആയി ജോലി ലഭിച്ചതിനാൽ ടിയാരി പ്രസവാവധി റദ്ദ് ചെയ്ത് 15.06.2019 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും അന്നേ ദിവസം തന്നെ വിടുതൽ വാങ്ങുകയും ചെയ്തിരുന്നു.ആയതിനാൽ ശ്രീ.മനോജ കെ.വി 03.01.2019 മുതൽ 14.06.2019 വരെയും,തുടർന്ന് 16.06.2019 മുതൽ 16.07.2019 വരെയും ഹെഡ് അക്കൗണ്ടന്റിന്റെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്നതായും,മേൽ സാഹചര്യത്തിൽ ടിയാന് 03.01.2019 മുതൽ പരമാവധി മൂന്ന് മാസത്തേക്ക് ചാർജ് അലവൻസ് അനുവദിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീ.മനോജ് കെ.വി, ഹെഡ് അക്കൗണ്ടന്റിന്റെ പൂർണ്ണ അധികച്ചുമതല വഹിച്ചതിനാൽ ടിയാൾക്ക് കെ.എസ്.ആർ ഭാഗം I, ചട്ടം 53 A II (c), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 03.01.2019 മുതൽ പരമാവധി 3 മാസക്കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബാലസുബ്രഹ്മണ്യൻ വി**
**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ - സി) വകുപ്പ് (1473546/വിദ്യ-സി2/140/2020-ധന തീയതി 21.03.2020 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ